**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 962** **29-06-2026-ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി കാവിൻ മുനമ്പ് പാലത്തിന്റെ നിർമ്മാണ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കിഫ്ബിയിൽ നിന്ന് ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻ മുനമ്പ് പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

**മറുപടി:** കണ്ണൂർ ജില്ലയിലെ കല്ലിയാശ്ശേരി മണ്ഡലത്തിൽ കാവിൻമുനമ്പു പാലത്തിന്റെ പ്രവൃത്തിക്ക് 31.10.2016 തീയതിയിലെ GO (Rt) No.1496/2016/PWD പ്രകാരം 35 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും, 17.02.2026 തീയതിയിലെ PWD001-53/APR-8/2026/KIIFB ഓർഡർ പ്രകാരം കിഫ്ബിയിൽ നിന്നും 90.697 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. പ്രവൃത്തിക്ക് 07.02.2026-ൽ 89.57 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, 07.02.2026-ന് ടെൻഡർ ചെയ്തിരുന്നുവെങ്കിലും, ഒരു ബിഡ് മാത്രമായിരുന്നു യോഗ്യത നേടിയിരുന്നത്. തുടർന്ന് 24.02.2026-ന് പ്രവൃത്തി റീ-ടെൻഡർ ചെയ്തതിനെ തുടർന്ന് 3 ബിഡുകൾ ലഭിക്കുകയും ചെയ്തു. പ്രസ്തുത ബിഡുകളുടെ പ്രീ ക്വാളിഫിക്കേഷൻ 213-ാമത് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചപ്പോൾ M/s ULCCS Ltd മാത്രമാണ് യോഗ്യത നേടിയതായി കണ്ടെത്തിയത്. ശേഷിച്ച രണ്ട് ബിഡുകളും നിരസിക്കപ്പെട്ടു. എന്നാൽ, നിരസിക്കപ്പെട്ട ബിഡ്ഡർമാരിൽ ഒരാളായ ശ്രീ. ടി. എ. അബ്ദുൽ റഹിമാൻ, ടിയാൻ സമർപ്പിച്ച ബിഡ് പരിഗണിക്കണമെന്ന് ആവശ്യം ഉന്നയിച്ച ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 9728/2026 ഫയൽ ചെയ്യുകയും, തുടർന്ന്, ടിയാന്റെ ഫിനാൻഷ്യൽ ബിഡ് തുറക്കാൻ ബഹു. കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി. എ. അബ്ദുൽ റഹിമാന്റെ ഫിനാൻഷ്യൽ ബിഡ് തുറക്കുകയും, പ്രസ്തുത ബിഡാണ് ഏറ്റവും കുറഞ്ഞ നിരക്കിലുള്ളതെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത കേസിൽ ബഹു. കോടതിയുടെ അന്തിമ വിധി ലഭ്യമായാൽ മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**